"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡി.ബി.4/12568/RKI(492)/20/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 06/12/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – എൽ.ഐ.ഡി&ഇ.ഡബ്ല്യു – റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന പ്രവൃത്തികൾ - സംബന്ധിച്ച്

സൂചന:-
1. സ.ഉ (കൈ) നം. 170/2020/തസ്വഭവ, തീയതി 04/11/2020
2. സ.ഉ (കൈ) നം. 29/2021/തസ്വഭവ, തീയതി 06/02/2021
3. സ.ഉ (സാധാ) നം. 2245/2021/തസ്വഭവ, തീയതി 10/11/2021
4. ഈ കാര്യാലയത്തിലെ 12/11/2021ലെ ഇതേ നമ്പർ സർക്കുലർ.

*********

റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 208.64 കോടി രൂപ വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നിർവ്വഹണത്തിന്, സൂചന (1) പ്രകാരം ഭരണാനുമതി ലഭിച്ച 492 പ്രവൃത്തികളുടെയും, ഇതേ ശീർഷകത്തിൽ തന്നെ അധികമായി വകയിരുത്തിയ 65 കോടി രൂപ വിനിയോഗിച്ച്, സൂചന (2) പ്രകാരം ഭരണാനുമതി ലഭിച്ച 27 പ്രവൃത്തികളുടെയും ധനാനുമതി സൂചന (3) പ്രകാരം ഉത്തരവായിരിക്കുന്നു. സൂചന (3) ഉത്തരവിൻമേൽ പ്രവൃത്തികൾക്ക് നിർദ്ദേശിച്ചിരുന്ന ശീർഷകം 5054-80-800-66 പരിഷ്കരിച്ച്, പ്രസ്തുത പ്രവൃത്തികളിൽ ഗ്രാമ പ്രദേശവുമായി ബന്ധപ്പെട്ടവയുടെ ചെലവ് 4515-00-800-92-works included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള പ്രവൃത്തികളുടെ ചെലവ് 4217-60-051-94-NP-V-Works Included in Appendix II to the Detailed Budget Estimate (Details of

Public Works) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് ഉത്തരവായിരിക്കുന്നു. 4515-00-800-92, 4217-60-051-94 എന്നീ ശീർഷകങ്ങളുടെ CCO തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും, SCO ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, DDO ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരുമാണ്. ആയതിനാൽ, ബ്ലോക്ക് പഞ്ചായത്തിലെ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതും. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബിൽ Scrutinize ചെയ്ത് അലോട്ട്മെന്റിനായി റിക്വിസിഷൻ മാത്രം ചീഫ് എഞ്ചിനീയർ (CCO) ക്ക് സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖാന്തരവും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മേലധികാരികളായിട്ടുള്ള മുനിസിപ്പാലിറ്റികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേരിട്ട് റിക്വിസിഷൻ മാത്രം ചീഫ് എഞ്ചിനീയർ (CCO) ക്ക് സമർപ്പിക്കേണ്ടതും. മറ്റു മുനിസിപ്പാലിറ്റികളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖാന്തരവും, റിക്വിസിഷൻ മാത്രം അലോട്ട്മെന്റിനായി ചീഫ് എഞ്ചിനീയർ (CCO) ക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ ബന്ധപ്പെട്ട ബിൽ/വൗച്ചേഴ്സ്/രജിസ്റ്റേഴ്സ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രത്യേകം സൂക്ഷിക്കേണ്ടതും, Audit/Inspection എന്നിവയ്ക്കായി ലഭ്യമാക്കേണ്ടതും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയും ഉത്തരവാദിത്വവുമായിരിക്കുന്നതാണ്.

**മേൽ പ്രവൃത്തിയ്ക്ക് ആവശ്യമായ ഫണ്ട് വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നുള്ള സൂചന(4) സർക്കുലർ പ്രകാരം P-1129 പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്.**

**ചീഫ് എഞ്ചിനീയർ**